ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 08.09.2026**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി ഇന്ന് ഗുജറാത്തിലും മഹാരാഷ്ട്രയിലും. നിരവധി വികസന പദ്ധതികൾക്കും ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിനും തുടക്കം.
2. വിലക്കയറ്റം നിയന്ത്രിക്കാൻ സ്പെഷ്യൽ അരി തുടർച്ചയായി ലഭ്യമാക്കുന്നതിന്റെ സാധ്യത പരിശോധിക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ്.
3. മിക്സ്ഡ് ടൗൺഷിപ്പ് മാതൃകയിൽ കൊച്ചി ഇൻഫോപാർക്ക് നാലാം ഘട്ടം വേഗത്തിലാക്കാൻ തീരുമാനം.
4. നാല്പത്തിയേഴാമത് കേരള പോലീസ് സ്റ്റേറ്റ് അത്ലറ്റിക്സ് & ഗെയിംസ് മീറ്റിന് തിരുവനന്തപുരത്ത് ഇന്ന് തുടക്കമാകും. മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും.
5. സംസ്ഥാനത്ത് ചൂട് വീണ്ടും വർധിക്കുന്നു. നാളെവരെ താപനില മൂന്ന് മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.
6. ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ഗെയിംസ് 2026 ന് മുന്നോടിയായുള്ള മത്സരങ്ങൾ മറ്റന്നാൾ ആരംഭിക്കും.

RNU TVPM

## പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഗുജറാത്തിലെത്തി. വഡോദരയിൽ 35,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി അൽപസമയത്തിനകം നിർവഹിക്കും. വെസ്റ്റേൺ ഡെഡിക്കേറ്റഡ് ഫ്രൈറ്റ് കോറിഡോറിൻറെ പൂർത്തിയായ മൂന്ന് പ്രധാന ഭാഗങ്ങൾ രാജ്യത്തിന് സമർപ്പിക്കുന്നതിനൊപ്പം പുതിയ ചരക്ക് ട്രെയിൻ സർവീസുകളും വഡോദര-താണ്ഡ റോഡ് റെയിൽ പാതയും അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്യും. റെയിൽവേ, ദേശീയപാത, ഗുജറാത്ത് സർക്കാർ പദ്ധതികൾ എന്നിവയ്ക്കും അദ്ദേഹം തറക്കല്ലിടും. തുടർന്ന് മഹാരാഷ്ട്രയിലെത്തുന്ന പ്രധാനമന്ത്രി, മുംബൈയിൽ നടക്കുന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2026 ഉദ്ഘാടനം ചെയ്യും.

## അനൂപ് ജേക്കബ്

വിലക്കയറ്റം നിയന്ത്രിക്കാൻ ഓപ്പൺമാർക്കറ്റ് സെയിൽസ് സ്കീം പ്രകാരമുള്ള സ്പെഷ്യൽ അരി തുടർച്ചയായി ലഭ്യമാക്കുന്നതിൻറെ സാധ്യത പരിശോധിക്കാൻ മന്ത്രി അനൂപ് ജേക്കബ് നിർദ്ദേശം നൽകി. ഓണത്തോടനുബന്ധിച്ചു കഴിഞ്ഞമാസം വിതരണം ആരംഭിച്ച O M S S സ്പെഷ്യൽ അരി വിതരണം ഈ മാസവും തുടരും. ക്രിസ്മസ് സമയത്ത് അടക്കം O M S S സ്പെഷ്യൽ അരി നൽകുന്നതിനായി എഫ്സിഐ. ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ക്രിസ്മസ്-പുതുവൽസര കാലത്ത് സ്പെഷ്യൽ പച്ചരിയും നൽകാൻ നിർദ്ദേശം നൽകിയതായി മന്ത്രി അറിയിച്ചു.

## കൊച്ചി ഇൻഫോപാർക്ക്

കൊച്ചി ഇൻഫോപാർക്ക് നാലാം ഘട്ടം വികസനത്തിനുള്ള നടപടികൾ വേഗത്തിലാക്കാൻ സർക്കാർ അടിയന്തരമായി ഇടപെടുമെന്ന് മന്ത്രി അനൂപ് ജേക്കബ്. ഇതുസംബന്ധിച്ച് വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിയുമായി നടത്തിയ ചർച്ചയിലാണു തീരുമാനം. നാലാം ഘട്ടം ഒരു മിക്സ്ഡ് ടൗൺഷിപ്പ് മോഡലായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. അത്യാധുനിക ഐടി സമുച്ചയങ്ങൾ, ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, വാണിജ്യ കെട്ടിടങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും.

RNI TVPM

❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈

## പോലീസ് മീറ്റ്

47ാമത് കേരള പോലീസ് സ്റ്റേറ്റ് അത്ലറ്റികസ് & ഗെയിംസ് മീറ്റിന് തിരുവനന്തപുരത്ത് ഇന്ന് തുടക്കമാകും. മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയ ത്തിലും യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലുമാണ് മത്സരങ്ങൾ നടക്കുക. 'YES TO SPORTS, NO TO DRUGS' എന്ന സന്ദേശത്തിലാണ് മീറ്റ് സംഘടിപ്പി ക്കുന്നത്. മറ്റന്നാൾ നടക്കുന്ന സമാപന ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി സതീശൻ വിശിഷ്ടാതിഥി ആകും.

❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈

## അന്താരാഷ്ട്ര സാക്ഷരതാ ദിനം

അക്ഷരാഭ്യാസത്തിൻറെയും വിദ്യാഭ്യാസത്തിൻറെയും പ്രാധാന്യം ഓർമ്മി പ്പിച്ചുകൊണ്ട് ഇന്ന് അന്താരാഷ്ട്ര സാക്ഷരതാ ദിനം. വ്യക്തികളുടെയും സമൂഹത്തിൻറെയും വളർച്ചയ്ക്ക് സാക്ഷരത എത്രത്തോളം അനിവാര്യ മാണെന്ന് ജനങ്ങളെ ബോധവത്കരിക്കുകയാണ് ദിനാചരണത്തിൻറെ പ്രധാന ലക്ഷ്യം.1966-ൽ നടന്ന യുനെസ്കോ ജനറൽ കോൺഫറൻസിലാണ് സെപ്റ്റംബർ 8 അന്താരാഷ്ട്ര സാക്ഷരതാ ദിനമായി പ്രഖ്യാപിച്ചത്. 1967 മുതലാണ് ഇത് ആഗോളതലത്തിൽ ആചരിച്ച് തുടങ്ങിയത്.

RNU TVPM

❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈

## സാക്ഷരതാ ദിനം - ജോഷി

സാക്ഷരത അറിവിലേക്കും അവസരങ്ങളിലേക്കും മികച്ച ഭാവിയിലേക്കുമുള്ള വാതിൽ തുറക്കുന്നുവെന്ന് അന്താരാഷ്ട്ര സാക്ഷരതാ ദിനത്തിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൾഹാദ് ജോഷി. വിദ്യാഭ്യാസവും ശാക്തീകരണവുമുള്ള ജനതയാണ് 'വികസിത ഭാരതത്തിൻറെ' ഏറ്റവും ശക്തമായ അടിത്തറയെന്നും അദ്ദേഹം സാമൂഹിക മാധ്യമ കുറിപ്പിൽ വ്യക്തമാക്കി.

❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈❈

## താപനില

സംസ്ഥാനത്ത് ചൂട് വീണ്ടും വർധിക്കുന്നു. നാളെവരെ താപനില മൂന്ന് മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. വർദ്ധിച്ച ചൂട് നിരവധി ആരോഗ്യ പ്രശനങ്ങൾക്ക് കാരണമാവുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണ മെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## പാലക്കാട് (ഇൻട്രോ)

പാലക്കാട് ജില്ലയിൽ വരുംദിവസങ്ങളിൽ ചൂടിൻറെ കാഠിന്യം വർധിക്കാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്

(വോയ്സ്)

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## റോഡപകടങ്ങൾ- യോഗം

സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ പൊതുമരാമത്ത് മന്ത്രി പി.കെ. ബഷീർ അടിയന്തര യോഗം വിളിച്ചു ചേർത്തു. ഡിജിപി, ട്രാൻസ്പോർട്ട് കമ്മീഷണർ, എൻഎച്ച് എഐ സംസ്ഥാന മേധാവി, നാറ്റ്പാക്, റോഡ് സേഫ്റ്റി അതോറിറ്റി ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ എന്നിവരുടെ യോഗമാണ് ചേർന്നത്. സംസ്ഥാനത്തെ പ്രധാന റോഡുകളിലും ദേശീയപാതകളിലും ഉണ്ടായ അപകട കാരണങ്ങൾ, റോഡ് സുരക്ഷ ശക്തിപ്പെടുത്തുന്നതിനും അപകട ങ്ങൾ കുറയ്ക്കുന്നതിനുമുള്ള അടിയന്തര നടപടികൾ, ട്രാഫിക് നിയന്ത്രണം, റോഡ് അറ്റകുറ്റപ്പണികൾ, സുരക്ഷാ സംവിധാനങ്ങൾ എന്നിവ ചർച്ച ചെയ്തു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ഏഷ്യൻ ഗെയിംസ

RNUTVPM

ഈ മാസം 19 മുതൽ അടുത്തമാസം 4 വരെ ജപ്പാനിൽ നടക്കുന്നഏഷ്യൻ ഗെയിംസിനു മുന്നോടിയായി മത്സരങ്ങൾ മറ്റെന്നാൾ ആരംഭിക്കും. ഈ മാസം 17-ന് ടെക്ബോളിലൂടെയും 18-ന് വനിതാ ക്രിക്കറ്റിലൂടെയുമാണ് ഇന്ത്യയുടെ പോരാട്ടം തുടങ്ങുന്നത്. 24 മുതൽ 29 വരെ നടക്കുന്ന അത്‌ലറ്റിക്സിൽ 70-ലധികം ഇന്ത്യൻ ട്രാക്ക് ആൻഡ് ഫീൽഡ് അത്‌ലറ്റുകൾ പങ്കെടുക്കും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ഇടുക്കി (ഇൻട്രോ)

ഇടുക്കി രാമക്കൽമേടിന് സമീപമുള്ള അണക്കരമെട്ട് പ്രകൃതിഭംഗിയാൽ സഞ്ചാരികളുടെ ശ്രദ്ധയാകർഷിക്കുന്നു. കോടമഞ്ഞും കാറ്റാടിപ്പാടങ്ങളും നിറഞ്ഞ പശ്ചിമഘട്ട മലനിരകളുടെ ദൃശ്യസൗന്ദര്യമാണ് ഇവിടുത്തെ പ്രധാന ആകർഷണം. വിനോദസഞ്ചാരത്തിന് ഏറെ സാധ്യതയുള്ള ഈ പ്രദേശത്തെ വികസിപ്പിക്കണമെന്ന ആവശ്യവും ശക്തമാണ്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ല പ്രതിനിധി രതീഷ് കൃഷ്ണ....

(വോയ്സ്)

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## പുറ്റിങ്ങൽ വെടിക്കെട്ട് സ്റ്റേ.

പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തകേസിൻ്റെ വിചാരണയ്ക്ക് ഹൈക്കോടതിയുടെ ഇടക്കാല സ്റ്റേ. കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ മാറ്റിയതുമായി ബന്ധപ്പെട്ട് ഗവൺമെൻറിൻറെ വിശദീകരണവും, അനുബന്ധ രേഖകളും പരിശോധിക്കുന്നതിന് സമയം അനുവദിച്ചുകൊണ്ടാണ് സ്റ്റേ ഉത്തരവ്. കേസ് ഈ മാസം 14ന് പരിഗണിക്കുന്നതിനായി മാറ്റി. അതുവരെ കേസിന്റെ വിചാരണയ്ക്ക് സ്റ്റേ ഉണ്ടായിരിക്കും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## കണ്ണൂർ (ഇൻട്രോ)

പരിസ്ഥിതി സംരക്ഷണത്തിൽ കണ്ടൽ ചെടികൾക്ക് പ്രമുഖമായ സ്ഥാന മാണുള്ളത്. കണ്ടൽ ചെടികൾ നട്ടുവളർത്തുന്ന കണ്ണൂർ പഴയങ്ങാടിയിലെ

RNU TVPM

പാറയിൽ രാജൻ കണ്ടൽ സംരക്ഷണത്തിന് പുതിയ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുകയാണ്.

കണ്ണൂരിൽ നിന്ന് ആകാശവാണി ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.

(വോയ്സ്)

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## സാമൂതിരി രാജ

കോഴിക്കോട് സാമൂതിരി രാജ പി.കെ. കേരളവർമ അന്തരിച്ചു. ഫാർമക്കോളജി വിദഗ്ധനും മികച്ച എക്സ്പോർട്ടർക്കുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അവാർഡ് ജേതാവുമാണ്. സംസ്കാരം ഇന്ന് വൈകീട്ട് 6.30ന് മാവൂർ റോഡ് സ്മൃതി പഥം ശ്മശാനത്തിൽ നടക്കും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ഉത്തർപ്രദേശ് സന്ദർശനം

പ്രസ് ഇൻഫർമേഷൻ ബ്യൂറോ ലഖ്നൗ - തിരുവനന്തപുരം ബ്യുറോകളിലെ ഉദ്യോഗസ്ഥർക്കൊപ്പം കേരളത്തിലെ പ്രമുഖ മാധ്യമ സ്ഥാപനങ്ങളിൽ നിന്നുള്ള മാധ്യമ പ്രതിനിധികളുടെ സംഘം ലഖ്നൗവിലെ റിസർച്ച് ഡിസൈൻസ് ആൻഡ് സ്റ്റാൻഡേർഡ്സ് ഓർഗനൈസേഷനിലെത്തി. ആർഡിഎസ്ഒയുടെ എയർ ബ്രേക്ക് ലബോറട്ടറി, ഫാറ്റിഗ് ടെസ്റ്റിംഗ് ലബോറട്ടറി, മെറ്റൽ ആൻഡ് കെമിക്കൽ ലബോറട്ടറി എന്നിവ സംഘം സന്ദർശിച്ചു. ഇന്ത്യൻ റെയിൽവേയുടെ ആധുനികവൽക്കരണത്തിലും പരിവർത്തനത്തിലും നിർണായക പങ്ക് വഹിക്കുന്ന ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ, ഗവേഷണം, നൂതനാശയങ്ങൾ എന്നിവയെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്നതിനാണ് സന്ദർശനം.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## കെട്ടിടം തകർന്നു- കേസെടുത്തു

തൊടുപുഴയിൽ കെട്ടിടം തകർന്ന് വീണ് രണ്ട് പേർ മരിച്ച സംഭവത്തിൽ പോലീസ് അസ്വഭാവിക മരണത്തിന് കേസെടുത്തു. എഫ്ഐആറിൽ

PIU TVPM

ആരെയും പ്രതി ചേർത്തിട്ടില്ല. സംഭവത്തിൽ തഹസിൽദാറുടെ റിപ്പോർട്ട് ഇന്ന് കളക്ടർക്ക് സമർപ്പിക്കും. കോതമംഗലം രൂപതയുടെ ഉടമസ്ഥതതി ലുള്ളതാണ് മുതലക്കോടത്ത് സാൻജോ ഭവൻ എന്ന വിരമിച്ച വൈദികർ താമസിക്കുന്ന കെട്ടിടം.

❇❇❇❇❇❇❇❇❇❇❇❇❇❇❇❇❇❇❇❇❇

## ഓഹരി - സ്വർണ്ണവില

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 520 പോയിൻറ് നഷ്ടത്തിൽ 75,613 ലും, നിഫ്റ്റി 137 പോയിൻറ് നഷ്ടത്തിൽ 23,642 ലും വ്യാപാരം തുടരുന്നു.

സ്വർണവില കൂടി. പവന് 880 രൂപ ഉയർന്നു ഒരു ലക്ഷത്തി 13,920 രൂപയും, ഗ്രാമിന് 14,240 രൂപയുമാണ് ഇന്നത്തെ വില.

❇❇❇❇❇❇❇❇❇❇❇❇❇❇❇❇❇❇❇❇❇
❇❇❇❇❇❇❇❇❇❇❇❇❇❇❇❇❇❇
❇❇❇❇❇❇❇❇❇❇❇❇❇
❇❇❇❇❇❇❇❇

RNU TVPM